**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 563** **17-09-2025-ൽ മറുപടിയ്ക്ക്**

**ചില്ലച്ചി പാലം നിർമ്മാണത്തിനുപകരം കടവുപുഴ പാലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** 2021-'22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 20% ഫണ്ട് വകയിരുത്തിയ പാലാ നിയോജക മണ്ഡലത്തിലെ ചില്ലച്ചി പാലം നിർമ്മാണം എന്ന പദ്ധതി സാങ്കേതിക തടസ്സങ്ങളാൽ ഉപേക്ഷിക്കുകയും പകരം 2022-ലെ പ്രളയക്കെടുതിയിൽ അപ്പാടെ തകർന്ന കടവുപുഴ പാലം നിർമ്മാണം എന്ന പദ്ധതിക്ക് ഫണ്ട് മാറ്റി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദ വിവരങ്ങൾ) II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) എന്ന ബജറ്റ് രേഖയിൽ ഉൾപ്പെടുത്തിയ ഒരു പ്രവൃത്തിയ്ക്ക് പകരം മറ്റൊരു പ്രവൃത്തി ഉൾപ്പെടുത്തുന്നത് സാധാരണഗതി യിൽ അനുവദനീയമല്ല. എന്നിരുന്നാലും ബന്ധ പ്പെട്ട എം.എൽ.എമാർ സമർപ്പിക്കുന്ന അഭ്യ ർത്ഥനകൾ പരിശോധിച്ച് ബഹു. ധനകാര്യ മന്ത്രി തലത്തിൽ ഉചിത തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ട്. ഇപ്രകാരം സമർപ്പിച്ച 'മൂന്നിലാവ് ഗ്രാമപഞ്ചായത്തിൽ പ്രകൃതി ക്ഷോഭത്തിൽ തകർന്ന കടവ്പുഴ പാലവും മൂന്നിലാവ് മേച്ചാൽ ചക്കിക്കാവ് റോഡും പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച്' അഭ്യർത്ഥന ഈ വകുപ്പിൽ ലഭ്യമാവുകയും ഫയലിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ പ്രകാരം ചുവടെ ചേർക്കുന്ന നടപടികൾക്കായി ഇതിനോടകം തന്നെ നിർദ്ദേശം നല്കിയിട്ടുമുണ്ട്.

1. "GO(Rt)No.58/2023/PWD dated 19/01/2023 പ്രകാരം ഭരണാനുമതി ലഭിച്ച "മൂന്നിലവ് മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിനു കുറുകെ പാലം" എന്ന പ്രവൃത്തിയ്ക്ക് പകരം, 2023-24 ബജറ്റിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ള "കടവുപുഴ പാലം പുനർനിർമ്മാണം" എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നതിന്, "മൂന്നിലവ് മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിനു കുറുകെ പാലം" എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്, ആയ തിന് ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എയുടെ ശിപാർശ ലഭ്യമാക്കേ ണ്ടതുണ്ട്.
2. ഇപ്രകാരം ലഭ്യമാകുന്ന അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കടവുപുഴ പാലം പുനർനിർമ്മാണം എന്ന പ്രവൃത്തിക്ക് മറ്റു പ്രവൃത്തികളിൽ നിന്നും തുക മാറ്റി നൽകുന്നതിന് ബഹു ധനമന്ത്രി തലത്തിൽ ഉത്തരവ് സഹിതം (കടവു പുഴ പാലം പുനർ നിർമ്മാണം എന്ന പ്രവൃത്തിക്ക് ടോക്കൻ പ്രോവിഷൻ മാത്രം വകയിരുത്തിയിട്ടുള്ള തിനാൽ) ഫയൽ സമർപ്പിക്കേണ്ടതാണ്.
3. കൂടാതെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ കടവു പുഴപാലം പുനർനിർമ്മാണം എന്നാണു നാമകരണം എന്നിരിക്കെ ബഹു. MLA യുടെ കത്തിൽ "മൂന്നിലവ് ഗ്രാമപഞ്ചായത്തിലെ

മൂന്നിലവ് മേച്ചാൽ ചക്കിക്കാവ് റോഡും കടവുപുഴ പാലവും പുനർനിർമ്മിക്കുന്നതിന്" എന്നാണ് പരാമർശിച്ചിട്ടുള്ളത് എന്നതും അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**